**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2218** **30-07-2021 - ൽ മറുപടിയ്ക്ക്**

**കൊല്ലം മണ്ഡലത്തിൽ ചെറുകിട ജലസേചന വിഭാഗവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം നിയോജക മണ്ഡല പരിധിയിൽ ചെറുകിട ജലസേചന വിഭാഗം മുഖാന്തിരം നടപ്പിലാക്കുന്നതിനായി 2019-20, 2020-21 കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർവ്വഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ ഇപ്പോഴത്തെ സ്ഥിതി സഹിതം വിശദവിവരം ലഭ്യമാക്കുമോ? | (എ) | കൊല്ലം നിയോജകമണ്ഡല പരിധിയിൽ ചെറുകിട ജലസേചന വിഭാഗം മുഖേന നടപ്പിലാക്കുന്നതിനായി 2019-20, 2020-21 കാലയളവിൽ ഭരണാനുമതി ലഭിച്ചതും നിർവഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികളും അവയുടെ ഇപ്പോഴത്തെ സ്ഥിതിയും ചുവടെ ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

| നം | വർഷം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | 2019-20 | കൊല്ലം കോർപ്പറേഷനിൽ അറുന്നൂറ്റി മംഗലം കുളത്തിന്റെ പുനരുദ്ധാരണവും ലീഡിംഗ് ചാനലിന്റെ നിർമ്മാണവും | 25.00 | പ്രവൃത്തി സ്ഥലം വയൽ പ്രദേശമായതിനാൽ ശക്തമായ മഴ മൂലം വെള്ളക്കെട്ട് രൂപം കൊണ്ടിരിക്കുന്നതിനാൽ 5% പ്രവൃത്തി മാത്രമാണ് പൂർത്തീകരിക്കാൻ സാധിച്ചത്. |
| 2 | 2019-20 | കൊല്ലം കോർപ്പറേഷനിൽ കുരുവാഴത്തു കുളത്തിന്റെ പുനരുദ്ധാരണവും സംരക്ഷണഭിത്തി നിർമ്മാണവും | 10.00 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3. | 2020-21 | തൃക്കരുവാ പഞ്ചായത്തിൽ തോട്ടുവയൽ തോടിനു കുറുകെ വി.സി.ബി നിർമ്മാണവും വേലിക്കെട്ട് ഏലായുടെ ജലസേചനസൗകര്യം മെച്ചപ്പെടുത്തലും | 18.00 | പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. 22% പൂർത്തീകരിച്ചു. |
| 4. | 2020-21 | തൃക്കരുവാ പഞ്ചായത്തിൽ കടപ്പാൻചിറ ഏലായിലെ ലീഡിംഗ് ചാനലിന്റെ നിർമ്മാണവും നടപ്പാത ഒരുക്കലും | 13.00 | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ